(ബി) ദേശീയപാതാ വിഭാഗത്തിൽ കീഴിൽ ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും എന്നാൽ ദേശീയപാതാ വികസന പദ്ധതിയിൽപ്പെട്ട മറ്റു ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപ്പാക്കാത്തതിനാൽ മുടങ്ങിക്കിടന്നിരുന്ന ആലപ്പുഴ-കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തോടെ സ്റ്റാന്റ് എലോൺ പ്രോജക്ട് ആയി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 28.1 കി.മീറ്റർ ദൈർഘ്യമുള്ള കോഴിക്കോട് ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തികരിച്ചുവെങ്കിലും രണ്ടു വരിപ്പാതയായിട്ടുള്ള നിർമ്മാണം 25 കി.മീറ്റർ മാത്രമേ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ശേഷിക്കുന്ന 5.1 കി.മീറ്റർ ദൂരം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുത്തു. മുടങ്ങിക്കിടക്കുന്ന തുപ്പണിത്തുറ ബൈപ്പാസിന്റെ പൂർത്തികരണത്തിനുള്ള ഡി.പി.ആർ. സംസ്ഥാന സർക്കാരിന്റെ സ്ഥാപനമായ നാറ്റ്പാക്ക് മുഖാന്തരം തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുവാൻ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ബൈപ്പാസ്, കോതമംഗലം ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസിന്റെ നാലുവരിപ്പാതയാക്കൽ എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കാനുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ട്. വിശദമായ മൂല്യനിർണ്ണയത്തിനുശേഷം ഏജൻസിയെ ഏൽപ്പിക്കുന്നതായിരിക്കും.

നിരത്തുവിഭാഗത്തിൻ കീഴിൽ വയനാട് ജില്ലയിലെ മാനന്തവാടി ബൈപ്പാസ് ഒന്നാം ഘട്ടം, രണ്ടാംഘട്ടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

റോഡുകളുടെ നവീകരണം

16(*257) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നവീകരണത്തിൽ സംസ്ഥാനം സർവ്വകാല റെക്കോർഡ് ഭേദിച്ച് നേട്ടങ്ങൾ കൈവരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ റോഡുകളും ബി.എം. ആൻറ് ബി.സി. ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള പുതിയ റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

1437/2018.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്തെ ആകെയുള്ള ദേശീയപാതകൾ 1781.57 കി.മീ. കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ കേന്ദ്ര സർക്കാരിന്റെ ഐ.ആർ.കു.പി.-പി.ആർ. പദ്ധതികളിൽപ്പെടുത്തി റീസർഫസിംഗ് നടത്തി സഞ്ചാരയോഗ്യമാക്കി നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഭരണിക്കാവിൽ നിന്നും തുടങ്ങി പത്തനംതിട്ട വഴി വണ്ടിപ്പെരിയാറിലേക്കുള്ള പുതിയ '183 എ'-യും, അടിമാലിയിൽ തുടങ്ങി ചെറുതോണി പൈനാവ് വഴി കമ്പിളിയിലേക്കുള്ള എൻ.എച്ച്.185-ഉം പുതിയ ദേശീയപാതകളായി പ്രഖ്യാപിച്ച് ഇതിന്റെ വികസന പ്രവൃത്തികൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ദേശീയപാതാ വികസന പ്രവർത്തനങ്ങളിൽ നിന്നും വേർപെടുത്തിയിരുന്ന എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220 എന്നീ അഞ്ചു ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷികപദ്ധതിയിലുൾപ്പെടുത്തി ഘട്ടം ഘട്ടമായി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര അംഗീകാരം നേടിയെടുത്ത് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിലാദ്യമായി ഒരു ദേശീയപാതാ ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞു (കോഴിക്കോട് ബൈപ്പാസിന്റെ 5.1 കി.മീ. ദൂരം) രാജ്യത്ത് തന്നെ ആദ്യമായി ബൈപ്പാസുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞു (കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ). തിരുവനന്തപുരം നഗരവാസികളുടെ ചിരകാല സ്വപ്നമായിരുന്ന കരമന-കളിയിക്കാവിള ദേശീയപാത 47-ന്റെ വീതികൂട്ടൽ ഈ സർക്കാർ സ്ഥലമേറ്റെടുത്ത് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കി.മീ ദൂരം 4 വരിപ്പാതയാക്കി പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ദേശീയപാതയിലെ മറ്റ് ബൈപ്പാസുകളായ തലശ്ശേരി, മാഹി, മൂവാറ്റുപുഴ, കോതമംഗലം, കോഴിക്കോട് ബൈപ്പാസ് നാലുവരിപ്പാതയാക്കൽ എന്നിവയ്ക്കായുള്ള അംഗീകാരം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കുകയും ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുത്ത് വർഷങ്ങളായി നിർമ്മാണം മുടങ്ങിക്കിടന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള 6 കി.മീ. ദൂരം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുതിയ റോഡ് നിർമ്മിച്ചു. എൻ.എച്ച്.എ.ഐ.യുടെ കൈവശമായിരുന്ന വാളയാർ-മണ്ണുത്തി ദേശീയപാത 47 പൊട്ടിപ്പൊളിഞ്ഞ സാഹചര്യത്തിൽ പൊതുജനതാൽപര്യം കണക്കിലെടുത്ത് ഈ സർക്കാർ 25 കോടി രൂപ ചെലവഴിച്ച് ഗതാഗത യോഗ്യമാക്കി തീർത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാതകൾക്കുപുറമേ 523.75 കി.മീ. സംസ്ഥാന-ജില്ലാ റോഡുകൾ ദേശീയപാതാ നിലവാരത്തിൽ സി.ആർ.എഫ്. ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുവാൻ സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാരിന്റെ ഭരണകാലത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ 11777 കി.മീ. റോഡുകൾ നവീകരിച്ചു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടെയും മേജർ ഡിസ്ട്രിക്ട് റോഡുകളുടെയും സമഗ്ര വികസനത്തിനായി രൂപം കൊടുത്ത സംസ്ഥാന റോഡുവികസന പദ്ധതി (SRIP) യിൽ ഉൾപ്പെടുത്തി 83 കി.മീ. നീളം വരുന്ന 4 റോഡുകൾ ദേശീയനിലവാരത്തിൽ പുതുക്കിപ്പണിയുന്നതിന് പി.പി.പി./ആന്വിറ്റി രീതിയിൽ നിർമ്മാണ കാലാവധിക്കുശേഷം 13 വർഷം പരിപാലിക്കുന്നതിനുള്ള വ്യവസ്ഥയോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ബി) നിലവിൽ ദേശീയപാതകളെല്ലാം തന്നെ ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതാണ്. പുതുതായി പ്രഖ്യാപിച്ച എൻ.എച്ച്. 183 എ-യും, 185-ഉം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് ബലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എം. & ബി.സി. ഉപയോഗിച്ച് എകദേശം 3840 കി.മീ. സംസ്ഥാന റോഡുകളുടെ ഉപരിതലം പുതുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള റോഡുകൾ ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ ദേശീയപാതകളായ എൻ.എച്ച്. 17-ന്റെയും എൻ.എച്ച്. 47-ന്റെയും തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണത്തോടെ 45 മീ.റൈറ്റ് ഓഫ് വേയിൽ സ്ഥലമെടുത്ത് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ. പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷ

17 (*258) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി . വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly